A

1005

# സമഗ്രശിക്ഷാ, കേരളം

## പാദവാർഷിക ആത്യന്തിക വിലയിരുത്തൽ 2025 – 2026

## സാമൂഹ്യശാസ്ത്രം

ക്ലാസ് : X

സമയം : 2 ½ മണിക്കൂർ

ആകെ സ്കോർ : 80

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- ഓരോ വിഭാഗത്തിലും ചോയിസ് ഉള്ള ചോദ്യങ്ങളിൽ ഒരെണ്ണത്തിനുമാത്രം ഉത്തരമെഴുതിയാൽ മതി.
- 27-ാം ചോദ്യത്തിന് ഉത്തരം നൽകാൻ ഇതോടൊപ്പം ചേർത്തിരിക്കുന്ന ലോകഭൂപടത്തിന്റെ രൂപരേഖ (പേജ് 7) ഉപയോഗപെടുത്തേണ്ടതാണ്.

**1 മുതൽ 8 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 1 സ്കോർ വീതം.** **(8 x 1 = 8)**

1. ചുവടെ നൽകിയിരിക്കുന്നവയിൽ സ്തൂപികാഗ്രനിത്യഹരിതവൃക്ഷങ്ങൾ പൊതുവെ കാണപ്പെടുന്ന കാലാവസ്ഥാമേഖല ഏത്?

   A) ടൈഗെമേഖല
   B) ടൺഡ്രാമേഖല
   C) സാവന്ന കാലാവസ്ഥാമേഖല
   D) ഭൂമധ്യരേഖാകാലാവസ്ഥാമേഖല

2. ചുവടെ നൽകിയിരിക്കുന്നവയിൽ ഡൊണാടെല്ലോയുമായി ബന്ധപ്പെട്ടവ കണ്ടെത്തുക.

   a. ഗത്താമലാത്ത
   b. അന്ത്യവിധി
   c. പിയത്ത
   d. ദാവീദ്

   A) a, b B) b, c
   C) a, d D) c, d

3. സമൂഹശാസ്ത്രസങ്കല്പത്തിന്റെ സവിശേഷതകളിൽ ഉൾപ്പെടുന്നവ തിരിച്ചറിയുക.

   a വിമർശനാത്മക ചിന്ത
   b. ശീലങ്ങളെയോ ഊഹാപോഹങ്ങളെയോ ആശ്രയിക്കുന്നു.
   c. സ്വയംപ്രതിഫലനം
   d. വാർപ്പുമാതൃകകളെ അടിസ്ഥാനമാക്കുന്നു.

   A) a യും b യും ശരിയാണ് B) b യും c യും ശരിയാണ്
   C) a യും c യും ശരിയാണ് D) b യും d യും ശരിയാണ്

4. ചുവടെ നൽകിയിരിക്കുന്നവയിൽ ചക്രവാതമല്ലാത്തതേത്?

A) ഹരികെയ്ൻസ്　　B) ടൈഫൂൺസ്
C) വില്ലിവില്ലീസ്　　D) ഹർമാറ്റൻ

5. നവോത്ഥാനകലയുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള പട്ടികയിൽ നിന്നും ശരിയായ ക്രമം തിരഞ്ഞെടുത്തെഴുതുക.

| | |
|---|---|
| a. മൈക്കലാഞ്ചലൊ | i) മനുഷ്യരെ വിവേകികളും മിതവാദികളും അന്തസ്സുള്ളവരുമായി ചിത്രീകരിച്ചു |
| b. ലിയനാർഡൊ ഡാവിഞ്ചി | ii) ശക്തരും സുന്ദരരുമായ മനുഷ്യരായിരുന്നു ചിത്രങ്ങളുടെ കേന്ദ്രബിന്ദു |
| c. റാഫേൽ | iii) വർണ്ണം, നിഴൽ, പ്രകാശം എന്നിവയെ സംയോജിപ്പിക്കുന്നതിൽ അതുല്യൻ |

A) a–i, b– ii, c-iii　　B) a-ii, b-iii, c-i
C) a-iii, b-i, c-ii　　D) a-iii, b-ii, c-i

6. 'ഞാനാണ് രാഷ്ട്രം' എന്ന് പ്രഖ്യാപിച്ച ബൂർബൺ രാജാവ് ആര്?

A) നെപ്പോളിയൻ　　B) ലൂയി പതിനാലാമൻ
C) ലൂയി പതിനഞ്ചാമൻ　　D) ലൂയി പതിനാറാമൻ

7. സാമൂഹികബന്ധങ്ങൾ, സാമൂഹികസ്ഥാപനങ്ങൾ, സാമൂഹികഘടനകൾ, സാമൂഹികപ്രശ്നങ്ങൾ എന്നിവ വ്യക്തികളെയും സമൂഹത്തെയും എങ്ങനെയെല്ലാം ബാധിക്കുന്നുവെന്ന് പരിശോധിക്കുന്ന പ്രക്രിയയേത്?

A) സാമാന്യബോധജ്ഞാനം　　B) സമൂഹശാസ്ത്രസങ്കല്പം
C) സ്വയംപ്രതിഫലനം　　D) സാമൂഹികവിശകലനം

8. ശരിയായ ജോഡികൾ തിരഞ്ഞെടുത്തെഴുതുക.

a തോമസ് മൂർ - ഉട്ടോപ്പിയ
b. ദാന്തെ - കാന്റർബറി കഥകൾ
c. ഇറാസ്മസ് - ഇൻ പ്രെയിസ് ഓഫ് ഫോളി
d ജെഫ്രി ചോസർ - ഡോൺ കിഹോട്ട്

A) a മാത്രം ശരി　　B) a യും b യും ശരിയാണ്
C) c മാത്രം ശരി　　D) a യും c യും ശരിയാണ്

**9 മുതൽ 15 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ടോ അതിൽ കൂടുതലോ വാചകങ്ങളിൽ ഉത്തരമെഴുതണം. 2 സ്കോർ വീതം.　　(7 x 2 = 14)**

9. A) മാക്യവെല്ലിയുടെ 'ദി പ്രിൻസ്' എന്ന കൃതിയിൽ പരാമർശിക്കുന്ന ഭരണാധികാരിയുടെ കടമയെക്കുറിച്ചുള്ള ആശയം മധ്യകാലത്തെ ഫ്യൂഡൽ ഭരണാധികാരികളിൽ നിന്നും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

അല്ലെങ്കിൽ

B) പതിനാലാം നൂറ്റാണ്ടിന്റെ മധ്യത്തിൽ പൊട്ടിപ്പുറപ്പെട്ട ബ്യൂബോണിക് പ്ലേഗ് മാനവികതയുടെ വളർച്ചയ്ക്ക് പ്രേരണയായത് എങ്ങനെ?

10. (A) കൗമാരക്കാർ എപ്പോഴും വിമതരും നിരുത്തരവാദ സ്വഭാവമുള്ളവരുമാണ്. ഈ പ്രസ്താവന വാർപ്പുമാതൃകയ്ക്കൊരു ഉദാഹരണമാകുന്നതെങ്ങനെയെന്ന് വ്യക്തമാക്കുക.

അല്ലെങ്കിൽ

(B) അനുവിന് സമീപകാലത്തായി പഠനത്തിൽ കൂടുതൽ ശ്രദ്ധിക്കാൻ കഴിയുന്നില്ല. ഇത് അനുവിന്റെ വ്യക്തിപരമായ പ്രശ്നം മാത്രമാണോ? മറ്റെന്തെല്ലാം ഘടകങ്ങൾ അനുവിന്റെ ഈ അവസ്ഥയെ സ്വാധീനിച്ചിട്ടുണ്ടാകും?

11. മേഘങ്ങളുമായി ബന്ധപ്പെട്ട വസ്തുതകളാണ് ചുവടെ നൽകിയിരിക്കുന്നത്. സൂചനകളിൽ നിന്നും മേഘങ്ങളെ തിരിച്ചറിഞ്ഞ് പേരെഴുതുക.

a. താഴ്ന്ന വിതാനങ്ങളിൽ രൂപപ്പെടുന്ന ഇരുണ്ട മഴമേഘങ്ങൾ

b. ഉയർന്ന വിതാനത്ത് നേർത്ത തൂവൽക്കെട്ടുകൾക്ക് സമാനമായി കാണപ്പെടുന്ന മേഘങ്ങൾ

12. ഫ്രഞ്ച് വിപ്ലവത്തിലെ സ്ത്രീകളുടെ പങ്കാളിത്തം വിലയിരുത്തുക.

13. ഉഷ്ണമരുഭൂമികൾ പൊതുവെ സ്ഥിതിചെയ്യുന്നത് വൻകരകളുടെ പടിഞ്ഞാറ് ഭാഗങ്ങളിലാണ്. എന്തുകൊണ്ട്?

14. നെപ്പോളിയന്റെ ഭരണ പരിഷ്കാരങ്ങളിലൂടെ ഫ്രാൻസിൽ വന്ന മാറ്റങ്ങളുമായി ബന്ധപ്പെട്ട് ചുവടെ തന്നിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.

| പരിഷ്കാരങ്ങൾ | മാറ്റങ്ങൾ |
|---|---|
| a. സാമ്പത്തികപരിഷ്കാരങ്ങൾ | ...................................................... |
| b. സൈനികപരിഷ്കാരങ്ങൾ | ...................................................... |


15. ചുവടെ നൽകിയിരിക്കുന്ന തദ്ദേശീയ ജനവിഭാഗങ്ങൾ ഏത് കാലാവസ്ഥാമേഖലകളിൽ ഉൾപ്പെടുന്നുവെന്ന് തിരിച്ചറിയുക.

a ബുഷ്മെൻ : .................

b. മസായി : .................

**16 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് മൂന്നോ അതിൽ കൂടുതലോ വാചകങ്ങളിൽ ഉത്തരമെഴുതണം. 3 സ്കോർ വീതം.** **(8 x 3 = 24)**

16. ഉപഭോക്തൃ തർക്ക പരിഹാര സംവിധാനവുമായി ബന്ധപ്പെട്ട ചാർട്ട് പൂർത്തിയാക്കുക.



17. (A) ഫ്രഞ്ച് ദേശീയസഭ ഫ്രാൻസിന്റെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ രംഗത്ത് നടപ്പിലാക്കിയ പരിഷ്കരണങ്ങൾ എന്തെല്ലാം?

അല്ലെങ്കിൽ

(B) നെപ്പോളിയന്റെ പരാജയത്തിനുശേഷം യൂറോപ്പിന്റെ ഭൂപടം മാറ്റിവരയ്ക്കപ്പെട്ടു. വിയന്ന സമ്മേളന തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്താവന വിലയിരുത്തുക.


18. സ്കൊളാസ്റ്റിസിസം എന്നാലെന്ത്? സ്കൊളാസ്റ്റിസിസത്തിൽ നിന്നും മാനവികത എന്ന ആശയത്തിലേക്കുള്ള മാറ്റം വിശകലനം ചെയ്യുക.

19. സാവന്ന കാലാവസ്ഥാമേഖലയുടെ സവിശേഷതകൾ സൂചിപ്പിക്കുന്ന ചാർട്ട് പൂർത്തിയാക്കുക.

| സാവന്ന കാലാവസ്ഥാമേഖല | | |
|---|---|---|
| അക്ഷാംശവ്യാപ്തി | : | ഇരുഅർധഗോളങ്ങളിലുമായി 10 ഡിഗ്രി മുതൽ 30 ഡിഗ്രി വരെ |
| വാർഷിക ശരാശരി താപനില | : | a ................ |
| സസ്യങ്ങൾ | : | b ................ |
| ഉപജീവനമാർഗങ്ങൾ | : | c ................ |

20. സാമൂഹികപ്രശ്നങ്ങളെ വിശകലനം ചെയ്യുന്നതിൽ സാമാന്യബോധജ്ഞാന സമീപനവും സാമൂഹശാസ്ത്രസങ്കല്പ സമീപനവും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

21. നൽകിയിരിക്കുന്ന ചിത്രം ഏത് മൺസൂൺകാറ്റിനെ സൂചിപ്പിക്കുന്നു? ഈ മൺസൂൺകാറ്റ് രൂപപ്പെടുന്നതെങ്ങനെയെന്ന് വിശദമാക്കുക.





22. ദീപ ഒരു ഫോൺ വാങ്ങി. എന്നാൽ ഫോണിന്റെ വാറന്റി കാലാവധിക്കുള്ളിൽ അത് കേടായി. ബില്ല് വാങ്ങാതിരുന്നതിനാൽ ദീപയ്ക്ക് തന്റെ ഫോൺ മാറ്റിക്കിട്ടിയില്ല. ഈ പ്രശ്നത്തിന്റെ അടിസ്ഥാനത്തിൽ ഉപഭോക്തൃ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ വിശകലനം ചെയ്യുക.

23. കാലാവസ്ഥയും പരിസ്ഥിതിയും സംരക്ഷിക്കുന്നതിനുള്ള ഏതെങ്കിലും മൂന്ന് അന്താരാഷ്ട്ര ശ്രമങ്ങളും അവയുടെ ഇടപെടലുകളും എഴുതുക.

**24 മുതൽ 29 വരെയുള്ള ചോദ്യങ്ങൾക്ക് നാലോ അതിൽ കൂടുതലോ വാചകങ്ങളിൽ ഉത്തരമെഴുതണം. 4 സ്കോർ വീതം.** **(6 x 4 = 24)**

24. (A)




- ചിത്രത്തിൽ A, B എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുള്ള സ്ഥിരവാതങ്ങൾ തിരിച്ചറിഞ്ഞ് പേരെഴുതുക.
- ഈ സ്ഥിരവാതങ്ങൾ വീശുന്നത് ഏതെല്ലാം മർദമേഖലകൾക്കിടയിലാണെന്ന് കണ്ടെത്തി എഴുതുക.

അല്ലെങ്കിൽ

(B) അന്തരീക്ഷം ചൂടുപിടിക്കുന്നത് പ്രധാനമായും ഭൗമോപരിതലത്തിൽ നിന്നാണ്. അന്തരീക്ഷത്തിലെ താപവ്യാപനപ്രക്രിയകൾ വിശദമാക്കി പ്രസ്താവന സാധൂകരിക്കുക.

25. (A) സാമാന്യബോധജ്ഞാനത്തിന്റെ പരിമിതികൾ സൂചിപ്പിക്കുന്ന ചാർട്ട് പൂർത്തിയാക്കുക.

| | | | | |
|---|---|---|---|---|
| **ഭാഗികമായ അറിവുകൾ മാത്രം നൽകുന്നു.** | A .......... | B .......... | C .......... | D .......... |

അല്ലെങ്കിൽ

(B) പട്ടിക വിശകലനം ചെയ്ത് ചുവടെ നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ലിംഗപദവി അനുസരിച്ചുള്ള ഇന്ത്യയിലെ
തൊഴിൽ പങ്കാളിത്തനിരക്ക് 2017-2023

| വർഷം | തൊഴിൽ പങ്കാളിത്തനിരക്ക് | |
|---|---|---|
| | പുരുഷൻ | സ്ത്രീ |
| 2017-2018 | 75.1 | 21.1 |
| 2018-2019 | 74.9 | 21.6 |
| 2019-2020 | 75.8 | 26.3 |
| 2020-2021 | 75.8 | 27.5 |
| 2021-2022 | 75.9 | 27.2 |
| 2022-2023 | 77.4 | 31.6 |

*അവലംബം: പീരിയോഡിക് ലേബർഫോഴ്സ് സർവെ റിപ്പോർട്ട്, മിനിസ്ട്രി ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ*

a. ഏറ്റവും കുറഞ്ഞ പുരുഷ തൊഴിൽ പങ്കാളിത്ത നിരക്ക് രേഖപ്പെടുത്തിയ കാലയളവ് ഏത്?

b. 2017 – 2018 ൽ രേഖപ്പെടുത്തിയ സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്ക് എത്ര?

c. സ്ത്രീകളുടെയും പുരുഷന്മാരുടെയും തൊഴിൽ പങ്കാളിത്ത നിരക്ക് താരതമ്യം ചെയ്ത് നിങ്ങളുടെ നിഗമനം രേഖപ്പെടുത്തുക.

26. (A) ഉപഭോക്തൃ സംരക്ഷണനിയമം 2019 ന്റെ സവിശേഷതകൾ എന്തെല്ലാം?

അല്ലെങ്കിൽ

(B) ആരോഗ്യം, ബാങ്കിംഗ് എന്നീ മേഖലകളിൽ ഒരു വ്യക്തി കബളിപ്പിക്കപ്പെട്ടാൽ അതിനെതിരെ പരാതിപ്പെടാൻ സമീപിക്കാവുന്ന സംവിധാനങ്ങൾ എന്തെല്ലാം?

27. നൽകിയിരിക്കുന്ന ലോകഭൂപടത്തിന്റെ രൂപരേഖയിൽ താഴെ തന്നിട്ടുള്ള ഭൂസവിശേഷതകൾ അടയാളപ്പെടുത്തി പേരെഴുതുക.

A) സഹാറ മരുഭൂമി B) ലനോസ് പുൽമേടുകൾ

C) കലഹാരി മരുഭൂമി D) പ്രയറി പുൽമേടുകൾ

28. ഫ്രാൻസിൽ നിലനിന്ന അനീതിക്കെതിരെ പ്രതികരിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചതിൽ ചിന്തകന്മാർ വഹിച്ച പങ്ക് വിലയിരുത്തുക.

29. മധ്യകാലത്തിൽ നിന്നും വ്യത്യസ്തമായി നവോത്ഥാനകാലത്ത് ചരിത്രരചനയിൽ വന്ന മാറ്റങ്ങൾ വിശകലനം ചെയ്യുക.

**30, 31 ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ വിശദീകരിച്ച് എഴുതണം. 5 സ്കോർ വീതം. (2 x 5 = 10)**

30. (A) ആഗോളമർദമേഖലകൾ രൂപപ്പെടുന്നതെങ്ങനെ? വിശദമാക്കുക.

അല്ലെങ്കിൽ

(B) 'ഭൂമിയുടെ സ്വാഭാവിക കാലാവസ്ഥാമാറ്റങ്ങൾക്ക് കാരണമാകുന്ന മനുഷ്യ ഇടപെടലുകൾ' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു സെമിനാർ പേപ്പർ തയ്യാറാക്കാൻ എന്തെല്ലാം വിവരങ്ങൾ ഉൾപ്പെടുത്താം? വിശദമാക്കുക.

31. (A) 'മതനവീകരണ പ്രസ്ഥാനത്തോടുള്ള പ്രതികരണവും ഒരു സ്വയം നവീകരണ ശ്രമവുമായിരുന്നു പ്രതിമതനവീകരണം'. കത്തോലിക്കാസഭ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ പ്രസ്താവന വിലയിരുത്തുക.

അല്ലെങ്കിൽ

(B) "പ്രഭുക്കൾ യുദ്ധം ചെയ്യുന്നു, പുരോഹിതർ പ്രാർത്ഥിക്കുന്നു, സാധാരണക്കാർ നികുതി കൊടുക്കുന്നു". ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ പതിനെട്ടാം നൂറ്റാണ്ടിൽ ഫ്രാൻസിൽ നിലനിന്നിരുന്ന സാമൂഹ്യവ്യവസ്ഥ വിശകലനം ചെയ്യുക.

27.

